**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2093      13.06.2019 ൽ മറുപടിക്ക്

## ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആശുപത്രി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആലത്തൂർ താലൂക്ക് ആശുപത്രിയെ മാതൃകാപരമായി നവീകരിക്കുന്നതിനുള്ള പദ്ധതിപ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2019-20 വർഷത്തിൽ ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തിയിട്ടുണ്ട്. ഇതിനായി സ്ഥല പരിമിതി ഉള്ളതിനാൽ ആശുപത്രിയോട് ചേർന്ന് കിടക്കുന്ന 48 സെന്റ് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി സ്ഥാപനത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതിന് ജല ലഭ്യത കുറവ് ഉള്ളതിനാൽ കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്നതിനാവശ്യമായ തുക 2019-20 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ ഗ്രാമപഞ്ചായത്തിന്റെ വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഫാർമസി, സ്റ്റോർ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ